**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2326** **30-07-2021 - ൽ മറുപടിയ്ക്ക്**

**കടലാക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിൽ കടലാക്രമണം നേരിടുന്നതിന് ഏതൊക്കെ പ്രവൃത്തികളാണ് ചെയ്തു കൊണ്ടിരിക്കുന്നത്; | (എ) | കടലാക്രമണം തടയുന്നതിനായി മംഗൽപാടി പഞ്ചായത്തിലെ മുസോഡി കടപ്പുറം മുതൽ മണിമുണ്ടകടപ്പുറം വരെയുള്ള 3.82 കി.മീറ്റർ നീളം വരുന്ന തീരത്ത് 17 ഗ്രോയിനുകളുടെ നിർമ്മാണം കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർവ്വഹിച്ചു വരുന്നു. |
| (ബി) | കടൽഭിത്തി നിർമ്മാണം എവിടെയൊക്കെയാണ് നടന്നുകൊണ്ടിരിക്കുന്നത്; കടൽഭിത്തി നിർമ്മിക്കേണ്ട പ്രദേശങ്ങൾ ഏതൊക്കെയാണ്; ഇതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (ബി) | കടൽഭിത്തികളുടെ നിർമ്മാണവും പരിപാലനവും ഇറിഗേഷൻ വകുപ്പാണ് നടപ്പിലാക്കുന്നത്. |
| (സി) | ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കടൽക്ഷോഭം തടയാനുള്ള പദ്ധതികൾ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പദ്ധതി എപ്പോൾ നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | കടൽഭിത്തികളുടെ നിർമ്മാണവും പരിപാലനവും ഇറിഗേഷൻ വകുപ്പാണ് നടപ്പിലാക്കുന്നത്. |
| (ഡി) | രൂക്ഷമായ കടൽക്ഷോഭം നേരിടുന്ന മഞ്ചേശ്വരം മണ്ഡലത്തിൽ തീരദേശ മേഖലകളിൽ കടൽഭിത്തി നിർമ്മിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ഡി) | കടൽഭിത്തികളുടെ നിർമ്മാണവും പരിപാലനവും ഇറിഗേഷൻ വകുപ്പാണ് നടപ്പിലാക്കുന്നത്. |
| (ഇ) | പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഇ) | നിലവിൽ പുരോഗമിക്കുന്ന ഗ്രോയിനുകളുടെ നിർമ്മാണം അനുകൂല കാലാവസ്ഥയിൽ 2022 ഫെബ്രുവരി മാസത്തോടെ പൂർത്തീകരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ